**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **06-08-2021 - ൽ മറുപടിയ്ക്ക്**

**തേക്ക് മരം മുറിക്കുന്നതിനുള്ള നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തം ഭൂമിയിലെ തേക്ക് മരങ്ങൾ മുറിച്ച് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന് അനുവാദമുണ്ടോ; എങ്കിൽ ആയതിന് വനം വകുപ്പിന്റെ സമ്മതം ആവശ്യമുണ്ടോ; പ്രസ്തുത അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ? | (എ) | സ്വന്തം ഭൂമിയിലെ തേക്ക് മരങ്ങൾ മുറിച്ച് ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്നത് ഭൂമിയുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ 2005 ലെ THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS ACT - ലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണ്. എന്നാൽ ഭൂമി സ്ഥിതി ചെയ്യുന്ന വില്ലേജ് നോട്ടിഫൈഡ് ആണോ അല്ലെയോ എന്നതിന്റെ അടിസ്ഥാനത്തിൽ ടി നിയമം അനുശാസിക്കുന്ന പ്രകാരം വനം വകുപ്പിന്റെ സമ്മതം ആവശ്യമുണ്ട്. സർക്കാർ ഉടമസ്ഥതയിൽ അല്ലാത്ത പൂർണ്ണമായും സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയിലെ സർക്കാർ ബാദ്ധ്യത ഇല്ലാത്ത തേക്ക് മരം മുറിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു. THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS RULE 2011 ലെ റൂൾ 2(g) പ്രകാരം നോട്ടിഫൈ ചെയ്യാത്ത വില്ലേജിലെ സ്വകാര്യ ഭൂമിയിൽ നിന്നും മുറിച്ച തേക്ക് തടികൾ ടി നിയമം അനുശാസിക്കുന്ന പ്രകാരം ചുമതലയുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ രസീതിന്റെ പിൻബലത്തിൽ നീക്കം ചെയ്യാവുന്നതാണ്. എന്നാൽ നോട്ടിഫൈ ചെയ്ത വില്ലേജിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയെത്തുടർന്നുള്ള അനുമതിയോടെ മുറിച്ച തേക്ക് മരങ്ങൾ, സത്യപ്രസ്താവനയിന്മേലുള്ള നിയമാനുസൃതമായ പരിശോധനയെ തുടർന്ന് ലഭിക്കുന്ന കടത്ത് പാസ്സിന്റെ പിൻബലത്തിൽ മാത്രമേ നീക്കം ചെയ്യാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ